KOTTAYAM PUBLIC LIBRARY

Call No. M191

Acc. No. 12593

Author [illegible]

Title ശ്രീബുദ്ധ വൈരാഗ്യം



# ശ്രീബുദ്ധവൈരാഗ്യം

(ആട്ടക്കഥ)

12593

ഗ്രന്ഥകർത്താവു്:

മരുത്തോർവട്ടം സി. എൻ. കൃഷ്ണപ്പിള്ള.

NATIONAL BOOK STALL
SPCS LTD.
KOTTAYAM

പ്രസാധകന്മാർ:
പി. കെ. ബ്രദേർസ്,
കോഴിക്കോട്.
വില:— പത്തണ.

ഒന്നാം പതിപ്പ് 1957
കോപ്പി 1000
പകൎപ്പവകാശം
പ്രസാധകന്മാൎക്ക്

അച്ചടി
പ്രകാശകൌമുദി പ്രസ്സ്, കോഴിക്കോട്ട്.

# മുഖവുര

ഞാനെഴുതിയ 'ഗജേന്ദ്രമോക്ഷം' 55 ദിവസത്തെ കഥകളടങ്ങിയ 1-ാം വാല്യത്തിലും. 'അജാമിളമോക്ഷം' 63 ദിവസത്തെ കഥകളടങ്ങിയ 2-ാംവാല്യത്തിലുമായി 'ശ്രീരാമവിലാസം' ബുക്കഡിപ്പോക്കാരുടെ 118 ദിവസത്തെ ആട്ടക്കഥാസമാഹാരത്തിൽ ഉൾപ്പെടുത്തി പരസ്യം ചെയ്തതിനെത്തുടൎന്ന്, ശാന്തരസപ്രധാനമായ മറെറാരു കഥ എഴുതുവാൻ സ്നേഹിതന്മാർ എന്നെ പ്രേരിപ്പിയ്ക്കുകയും, അതു ശ്രീബുദ്ധഭഗവാൻെറ ചരിത്രസംക്ഷേപമായിരുന്നാൽ കൊള്ളാമെന്നു നിൎദ്ദേശിയ്ക്കുയും ചെയ്തതിൻെറ ഫലമാണ് ഈ ആട്ടക്കഥയെന്നു സമഷ്ടിയായി പറഞ്ഞുകൊള്ളട്ടെ! ശ്രീബുദ്ധൻ എന്ന പേരിൽ വളരെക്കാലം മുമ്പു ഞാൻ ഒരു സംഗീതനാടകമെഴുതി പരസ്യം ചെയ്തിരുന്നതിനാൽ കഥാരൂപം തേടിപ്പിടിക്കേണ്ടആവശ്യം നേരിട്ടില്ല. തന്നിമിത്തം സ്നേഹിതന്മാരുടെ നിൎദ്ദേശം സ്വീകരിയ്ക്കുന്നതിൽ വൈമനസ്യം പ്രകടിപ്പിച്ചില്ല. ഉടനെ എഴുതുവാൻ ആരംഭിയ്ക്കുകയുംചെയ്തു. പക്ഷെ, തുടൎന്നെഴുതുവാൻ കഴിഞ്ഞില്ല. കാരണം, സാഹിത്യസേവനം ഇനിയും ഉപജീവനമാൎഗ്ഗമായി ഉയൎന്നിട്ടില്ലെന്നുള്ളതുതന്നെ.

വല്ലപ്പൊഴും ഒരു ശ്ലോകമോ, പദമോ എഴുതി എഴുതാണ്ടു ഒരുകൊല്ലം കൊണ്ടാണ് ഞാനിതു പൂൎത്തിയാക്കുന്നതു്. 'ശ്രീരാമവിലാസ'ക്കാർ ആട്ടക്കഥകളുടെ അടുത്ത പതിപ്പിന് അത്രവേഗം ഒരുങ്ങുമെന്നു വിശ്വസിയ്ക്കുവാൻ നിവൃത്തിയില്ലാത്തതുകൊണ്ടുമാത്രം ഈ കഥ പ്രത്യേകം പരസ്യംചെയ്യുവാൻ വിചാരിച്ചതാണ്.

ആട്ടക്കഥകളെല്ലാംതന്നെയും ഗതാനുഗതികത്വം കൈക്കൊണ്ടു് ശൃംഗാരവും രൗദ്രവും ഒഴിച്ചുകൂടാത്ത രസങ്ങളായിത്തീൎന്നിരിയ്ക്കുകയാണ്. ശൃംഗാരം, കേവലം അപലപനീയമായ സംഭോഗശൃംഗാരംതന്നെ. അതു കാലോചിതമല്ല. ഇന്നത്തെ ജനസാമാന്യം പാടെ വെറുക്കുകതന്നെ ചെയ്യും. 'ശ്രീബുദ്ധവൈരാഗ്യം' പരിഷ്കൃതജനാരാധ്യമായ വിപ്രലംഭശൃംഗാരത്തിനാണ് സ്ഥാനംകൊടുത്തിരിയ്ക്കുന്നതു്. അപരിഷ്കൃതരായ നടന്മാർ പക്ഷേ സിദ്ധാൎത്ഥൻ യശോധരയുമായി പിരിയുന്ന ഭാഗമോ മറേറാ അവരുടെ പരിചയം മുൻനിൎത്തി കണ്ടുമാനം അഭിനയിയ്ക്കുമെങ്കിൽ അതിന്നു ഞാൻ ഉത്തരവാദിയല്ല, കഥയുമായി യാതൊരു ബന്ധവുമില്ലാതെ പരിണമിയ്ക്കുകയും ചെയ്യും.

രൗദ്രരസം ഇതിൽ ഇല്ലതന്നെ. ആദ്യവസാനം ശാന്തരസത്തിനാണ് പ്രാധാന്യം കൊടുത്തിരിയ്ക്കുന്നതു്. കത്തിയും, താടിയും, കരിയും കണ്ടു കാണികളുടെ കണ്ണു തഴമ്പിച്ചിരിയ്ക്കുകയാണ്. അതില്ലാത്ത ആട്ടം എന്തൊരാട്ടമാണെന്നു പുച്ഛിയ്ക്കുന്നവർ ധാരാളമായിരിക്കും. ഈ കഥയിൽ അതെല്ലാം ഉണ്ടാക്കുവാൻ അവസരവുമുണ്ടു്.

പക്ഷെ പുരാണകഥകളെന്നോണം അയഥാൎത്ഥം കുത്തി ച്ചെലുത്തി ഭഗവാൻ ശ്രീബുദ്ധൻെറ പാവനചരിത്രം അവിശ്വസനീയമാക്കുന്നതു് ഭാവിലോകത്തിൻെറ മുമ്പിൽ ചെയ്യുന്ന മഹാപരാധമാണെന്ന ഭയമാണ് കഥയുടെ സാമാന്യരൂപം കലൎപ്പുകൂടാതെ കൊണ്ടുപോകുവാൻ കാരണം.

ശാകുന്തളം, നളചരിതം മുതലായ കഥകളെപ്പോലെ ഈ കഥയും നാലഞ്ചുദിവസം ആടത്തക്കവണ്ണം തയ്യാറാക്കാവുന്നതാണ്. ഒരു ദിവസം കളിച്ചുതീൎക്കത്തക്കവണ്ണം പല സംഭവങ്ങളും വെട്ടിക്കുറച്ച് അത്യാവശ്യം വേണ്ടവ മാത്രമാണ് ഇതിൽ ചേൎത്തിരിക്കുന്നതു്. എന്നിട്ടുതന്നെയും 17 രംഗങ്ങൾ ഇപ്പോൾ ഉണ്ട്. ഓരോ രംഗവും ഇളകിയാട്ടംകൂടാതെ വിട്ടുകളയാൻ പാടില്ലാത്തവയുമാണ്.

ഭഗവാൻ ഹിന്ദുസന്ന്യാസിമാർ പലരുടേയുംകൂടെ ശിഷ്യത്വേന വളരെക്കാലം താമസിച്ചു അവരുടെ ഉപദേശം അംഗീകരിച്ചു്, ആഹാരം ഉപേക്ഷിച്ചു തപം, ജപം, ധ്യാനം മുതലായവ ശീലിച്ചു് കഷ്ടപ്പെട്ടുകഴിച്ച കഥകളെല്ലാം വിട്ടിരിയ്ക്കുകയാണ്. എന്നാൽ ദണ്ഡകവും, "ഫൽഗുനദീതീരപ്രദേശപ്പെരുംകാട്ടി"ലെ ബോധരഹിതനായി വീണുകിടന്ന ആ കിടപ്പിനുശേഷം ഇടയനമായുണ്ടായ വേഴ്ചയോടുകൂടി അവശ്യം വേണ്ടുന്ന സിദ്ധാൎത്ഥയോഗിയുടെ (ഭിക്ഷുവിൻെറ) ഇളകിയാട്ടവും കഥയുടെ പൂൎണ്ണരൂപം വെളിപ്പെടുത്തുമെന്നാണ് എൻെറ വിശ്വാസം. ഒരു ദിവസം കളിച്ചുതീൎക്കണമെങ്കിൽ ഈ രീതിയിൽ കഥ കൊണ്ടുപോകാതെ തരവുമില്ല.

ഇതിലെ ഗാനങ്ങളെല്ലാം പരിചയസമ്പന്നരായ ഗായകന്മാരെക്കൊണ്ടു പാടിച്ചു് അവരുടെ സമ്മിതി ലഭ

ച്ചിട്ടുള്ളവയാണ്. എൻെറ മാന്യസുഹൃത്തും സരസകവിയുമായ ശ്രീ. എൻ. മാധവൻപിള്ള ശാസ്ത്രി അവർകളും, എൻെറ സാഹിത്യപരിശ്രമങ്ങൾക്കെല്ലാം സാക്ഷിയായ ബ്രഹ്മശ്രീ പുലിയൂർ പുരുഷോത്തമൻ നമ്പൂതിരി അവർകളും ഈ കഥ വായിച്ചുനോക്കി സദയം ചില അബദ്ധങ്ങൾ ചൂണ്ടിക്കാണിച്ചുതരികയും അവ ഞാൻ തിരുത്തുകയും ചെയ്തിട്ടുണ്ട്. കോളേയരാജാവും പത്നിയും കൂടിയുള്ള പുറപ്പാട് (3–ാം രംഗം) 'വിരാജിതഗുണാംബുധിം' എന്നു തുടങ്ങുന്ന ശ്ലോകം ശ്രീ. മാധവൻപിള്ള ശാസ്ത്രി അവർകൾ എഴുതിയതാണെന്നുകൂടി രേഖപ്പെടുത്തിക്കൊള്ളട്ടെ. എൻെറ അഭ്യുദയാകാംക്ഷികളായ ആ രണ്ടു മഹാശയക്കും വിനീതമായ എൻെറ കൂപ്പുകൈ.

ഈ കൃതിയുടെ പകപ്പവകാശമെടുത്ത് അച്ചടിച്ചു പരസ്യംചെയ്യാൻ ദയതോന്നിയ മെസ്സേഴ്സ് പി. കെ. ബ്രദേർസ് ബുക്കഡിപ്പോ പ്രവത്തകന്മാരുടെ പേരിലുള്ള നന്ദി സാമാന്യമല്ല. അവർ എൻെറവക മററു കൃതികൾ യഥാകാലം ഏറെറടുത്തു പ്രസിദ്ധംചെയ്ത് എന്നെ പ്രോത്സാഹിപ്പിച്ചുവരികയാണ്. ആ മഹാനുഭാവന്മാരുടെ സഹൃദയത്വത്തിൻെറ മുമ്പിൽ സാഷ്ടാംഗപ്രണാമം.

ഇതിൽ കാണുന്ന എല്ലാവീഴ്ചകളും വായനക്കാർ സദയം ക്ഷമിച്ച് അനുഗ്രഹിയ്ക്കുവാൻ പ്രാത്ഥിച്ചുകൊണ്ടു സഹൃദയസമക്ഷം സമപ്പിച്ചുകൊള്ളുന്നു.

ചേത്തല
28—1—'57.

സ്വന്തം മരുത്തോർവട്ടം
ഗ്രന്ഥകത്താവ്.

ജ്യോതിഷപണ്ഡിതനും, ഗണിതവിദ്വന്മണിയും
സാഹിത്യമണിയും, വിദ്വൽകവിയുമായ
ബ്രഹ്മശ്രീ പുലിയൂർ പി. എസ്.
പുരുഷോത്തമൻനമ്പൂതിരി അവർകളുടെ

—ആശീർവാദം—

ആടാനും, പാടുവാനും സരസമഭിനയി-
യ്ക്കാനുമേവക്കുമുൾക്കൊ-
ണ്ടാടാനും ഹാ! രസിയ്ക്കുന്നതിനുമുതകിടും
മട്ടിലായ്ക്കെട്ടിയെല്ലാം
കേടാന്നീടാതെ "സീ. എൻ" കവിയെഴുതിയൊരീ
"ബുദ്ധവൈരാഗ്യ" നാമ-
ത്തോടാരാൽ ചേരുമാട്ടക്കഥയിതു വിജയി-
ക്കട്ടെ പാരിത്തട്ടിലെന്നും.

# വന്ദനശ്ലോകങ്ങൾ

ധർമ്മം മാഞ്ഞു മധർമ്മമാഞ്ഞുകയറിപ്പാഞ്ഞും
വരുന്നെന്നുക-
ണ്ടിമ്മന്നിൽ കരുണാർദ്രനായവതരി-
ച്ചാരാത്തരക്ഷാത്ഥമായ്
ജന്മം പാവനമാക്കിനാൻ; ജനമനഃ—
പത്മത്തിൽ വാണീടുമ-
സ്സന്മർത്ത്യാകൃതിയാന്ന പുണ്യപുരുഷം
ശ്രീബുദ്ധമാരാദ്ധ്നമഃ

ദുഗ്ദ്ധാംഭോധിം മഥിച്ചാരളവില—
മൃതസമ്പൂർണ്ണകുംഭം കരാംഭോ-
ജത്തിൽ ചേർത്താർത്തരക്ഷയ്ക്കുരമവതരണം
ചെയ്ക ചൈതന്യമൂർത്തേ!
ഭക്ത്യാ സേവിയ്ക്കുവോരെസ്സകരുണ—
മവനം ചെയ്കപോരും മരുത്തോർ—
വട്ടം ധന്വന്തരേ! ഹേ!! ഭവഹര! ഭഗവദ്
പാദപത്മം ഭജേഹം.

പരമേശ്വരനാമവാൻ സുവൃത്തൻ
പര, മീശങ്കൽ മുഴുത്ത ഭക്തിയുക്തൻ
സുരലോകഗനെങ്കിലും കൃപാസാ-
ഗരനെൻ താതനനുഗ്രഹിക്കണം.

വെട്ടം ഹൃത്തട്ടിനുണ്ടാവതിനുതകിടുമദ്ദൃഢ-
വൈരാഗ്യമാം നൽ-
ത്വട്ടഞ്ചും നല്ലൊരാട്ടക്കഥയെഴുതണമെന്നോ-
തിയോരിഷ്ടവാക്യം
ശിഷ്ടം താനെന്നു ചിത്തേ കരുതിയതുപരം
സാർത്ഥമാക്കാൻ മരുത്തോർ-
വട്ടം സി. എൻ. രചിച്ചാനൊരു കൃതി നവമായ്
സാഹിതീഭക്തഭക്തൻ.

# ശ്രീബുദ്ധവൈരാഗ്യം

[ആട്ടക്കഥ]

വന്ദനം—

സരസതരചരിത്രം സജ്ജനാംഭോജമിത്രം
സകലഗുണപവിത്രം പാപദാവാനലത്രം
സരസിജദളനേത്രം ബുദ്ധമാരാദ്ധ്യഗാത്രം
സകരുണമതിമാത്രം ഭാവയേ ഭവ്യപാത്രം.

ഭൈരവി—ചെമ്പട

പുറപ്പാട്— ശ്ലോകം,

നിസ്തുല്യവിശ്രുതയശഃ പ്രഥിതപ്രഭാവൻ
ശുദ്ധോദനൻ കപിലവാസ്തുധരാമണാളൻ
ശുദ്ധിച്ച ഭൂതിമവനൗപരിപുഷ്ടമാക്കി-
ച്ചേത്ത്ഥരമാനസനമന്നിതമന്ദശോഭം.

പദം—

മാരസമകളേബരൻ ധീരരണിമണി
ഭ്രമണകുലമണി സാരസാക്ഷഭക്തൻ.
നിമ്മലൻ, ധാമ്മികനതിശമ്മദാനലോലൻ
സമ്മതൻ, ശുദ്ധോദനൻ ദുഷ്ടമ്മമറിയാത്തോൻ
കാമിനിയാം പ്രജാവതിയാമിനീശമുഖി
ഭാമിനി,യവളിൽമാത്രംപ്രേമമേററമേറോൻ
കല്യ, നഖിലോപരിനിസ്തുല്യ സുഖം നാട്ടിൽ
നല്ലപോൽചേത്തുകീത്തിയാന്നു
ല്ലസിച്ചുവാണാൻ.

കാമോദരി—അടന്ത

കഥാരംഭം—

പ്രഖ്യാതാന്തഃപുരാന്തേ കനകമണിഗണ–
പ്രോല്ലസത്തുംഗകാന്തേ
സൗധേ കോളേയഭൂപാലകസുകൃതലതാം
മോഹനാംഗീം സപാകാന്താം
ധീമാൻ ശുദ്ധോദനക്ഷ്മാപതിരമലയശോ–
രാശിരാലോക്യകാന്താം
വാമാമൗലീം ബഭാഷേ നിജതനയപരി–
ഭ്രാന്തചേതാഃപ്രശാന്താം.

പദം—

ബന്ധൂകാധരിമണേ! ശൃണു കാന്തേ! മേ വാണിം
സന്താനമില്ലാഞ്ഞിട്ടന്നും സന്താനംമൂലമായിന്നും
സന്താപാനലനെന്നും ഹന്ത! മാം വെന്തെരിയ്ക്കുന്നു
(ബ....)

വൃദ്ധനായശക്തനായ് ഞാൻ ബുദ്ധിവിഹീനൻമായി
ശ്രദ്ധയുമെനിയ്ക്കില്ലിപ്പോളിദ്ധരണീഭരണത്തിൽ
(ബ....)

ശിഷ്ടഗുണാലയേ! ബാലേ! വിഷ്ടപമിതേവമായാൽ
നഷ്ടമായ് ഭവിയ്ക്കും പാരം ശ്രേഷ്ഠമാമിക്കുലം
നൂനം (ബ....)

പുത്രനഭിഷേകംചെയ്താമാത്രയിൽ തപസ്സിനായി-
ട്ടത്രഗമിപ്പാനുള്ളാശ വ്യർത്ഥമായ്ത്തീരുമെന്നായി
(ബ....)

കഷ്ടമേ! വിവാഹവുമൽകൃഷ്ടമാം രാജ്യഭാരവും
സ്പഷ്ടമായ് കുമാരനേറ്റുമിഷ്ടമില്ലെന്നുരയ്ക്കുന്നു. (ബ....)
ശാശ്വതസുഖത്തിനേററം നാശകാരണമാകയാ-
ലാശരണ്ടിലുമില്ലെന്നാണാശയ, മാദശം മോശം.
(ബ....)

ഭൂരികല്യാണി—ചെമ്പട

കാന്താ! മാമകവചനം ശ്രൂയതാമിദം
മാന്താർസായകസമാകാരാ!
മന്നവകുലമൗലെ! നന്ദനൻ നിമിത്തമായ്
ഖിന്നനായ് ഭവിച്ചേററം മന്ദനാകൊലാ ചെററും.
(കാന്താ...)

ബാല, നവനെയഥാകാലം വശപ്പെടുത്തി
ചേലായി പ്രജാപരിപാലനം ചെയ്യിയ്ക്കാം. (കാ...)
നാളിനിക്കളയാതെ വേളിചെയ്യിച്ചിടേണം
ലാളിച്ചീവിധംഭവാൻ ശീലകേട്ടെളവാക്കി. (കാ ..)
ആരാമാലയമൊന്നിൽ സൈ്വരമായിരുത്തേണം
പാരാതെകുമാരന്റെ കാര്യം സാധിയ്ക്കുവോളം.(കാ...)
പേടമാൻ ചലാക്ഷിമാരാടണമവർനന്നായ്
പാടണം സദാ സുഖംകൂട്ടുമാറവൻമുമ്പിൽ. (കാ....)
കാമിനീജനലാസ്യം കാമാത്തനാക്കു,മപ്പോൾ
കാമം സാധിപ്പാനല്പം താമസമുളവാകാ. (കാ...)

## ആനന്ദഭൈരവി—ചെമ്പട

താമരദളനയനെ! സാമജവരഗമനെ!
മാമകമനോമോഹനെ! സോമസമാനവദനെ!
കാമസമാനനാമവൻ ശ്രീമയനാണെന്നാകിലും
സാമദാനാദികളാലൊട്ടാമനസ്സിന്നില്ലാമാററം.
(താമ....)

ദണ്ഡനീതിനടത്തുവാൻ ദണ്ഡമുണ്ടെന്നിയ്ക്കപാരം
നിണ്ണയമതുതന്നെ,യീവണ്ണമാവാനിടയായി.(താ...)
നൃത്തകലാവിദഗ്ദ്ധമാർ പുത്രനെവശീകരിപ്പാൻ
സത്വരം നിയോഗിച്ചീടാമത്രപരീക്ഷാത്ഥമായി.
(താ...)

കഷ്ടമായ് തോന്നീടാതവനിഷ്ടമായ് ചേയ്യേണമേതും
ശിഷ്ടമായിരിയ്ക്കേണമുൽകൃഷ്ടനാകേണമാത്മജൻ.
(താമ...)

### കാമോദരി—ചെമ്പട

വീരാജിതഗുണാം ബുധിം, വിമലസാത്ഥ
നാമ്നിം യശോ—
ധരാം നിജസുതാം സതീമുചിത ഭത്തൃസംയോജനെ
അതീവകുതുകാന്നചിതഃ പ്രിയവധൂം സകൗലേയഭൂ—
പതീശകുലശേഖരോ വദതിതം വചസ്തല്ലജം.

പദം—

മത്തമാതംഗയാനെ! മഹിതഗുണസദനെ!
മാമകമനോമോഹനെ!
സരസിജവിലോചനെ! ശാരദേന്ദുവദനെ!
സരസതരവാചികം സാമോദം കേൾക്ക ബാലെ!
(മത്ത...)

പരഭൃതമൊഴി യശോധര പരിണീതയാവാൻ
തരമാകാഞ്ഞകതാരിൽ പെരുകുന്നു പരിതാപം.
(മത്ത...)

ആയതാക്ഷിയാൾക്കിപ്പോൾ പ്രായം പതിനേഴായി
ന്യായമല്ലിനിയും നിമ്മായം ശ്രദ്ധിച്ചീടാഞ്ഞാൽ
(മത്ത....)

ശുദ്ധോദനനൃപാലപുത്രനെൻ ഭാഗിനേയൻ
സിദ്ധാത്ഥബാലനതിബുദ്ധിമാനല്ലോ കാന്തേ!
(മത്ത....)

അനുരൂപനവൾക്കവൻ മദനൻ രതിയ്ക്കെന്നോണം
അനുവാദം ലഭിയ്ക്കാതെവരികയില്ലെന്നെന്മതം.
(മത്ത....)

കരണീയമിതൊന്നത്രേ നരപാലനോടുകാര്യം
വിരവോടറിയിയ്ക്കുവാൻ തരമാക്കീടണംദ്രുതം.
(മത്ത....)

നീലാംബരി—അടന്ത

ഏണാങ്കാനനാ! സുമബാണസുന്ദരാകാരാ!
പ്രാണനായകാ! കേട്ടാലും.
ചിന്തിതമിതുപാരം സന്തോഷാസ്പദ, മതി—
നന്തരം വരുത്തീടൊല്ലേ.
നന്ദിനിയ്ക്കനുരൂപൻതന്നേ സിദ്ധാർത്ഥനേററം
സന്ദേഹമേതുമില്ല മേ.
നാളിനിക്കളയാതങ്ങാളയച്ചാലുടനെ
വേളിനടക്കുമന്യൂനം.
ബന്ധുക്കളാകയാൽ നിർബ്ബന്ധിക്കാം
നൃപാലകൻ
ബന്ധുവത്സലനല്ലയോ?
ഭാഗധേയമോ പക്ഷേ യോഗമോരണ്ടിലൊന്നാം
വേഗമാംശ്രമിച്ചെന്നാകിൽ.

മദ്ധ്യമാവതി—അടന്ത

കോകിലാലാപിനി! ബാലികെ! മാമകമനോ—
മോഹിനി! മോഹനരൂപിണി!
ദൂതനെനിയോഗിച്ചീടാം കാതരാക്ഷി
നിൻെറ മത—
മാദരിച്ചുടനെതന്നെ ഞാൻ.

1) അത്തൽവേണ്ടാ നിനക്കേതുമേ ശുദ്ധോദനഭൂ-
ഭൃത്തധികമുത്തമനല്ലൊ.
കീർത്തനീയചരിത്രനാം പൃത്ഥ്വീപാലക
മൗലി,യീ
വർത്തമാനമറിയുമ്പോൾ ചീർത്തമോദാം
ബുധൗമുണ്ടും. (കോ....)

2) ആശയം നീ നാശമാക്കേണ്ടാപേശലാനനേ!
ക്ലേശമശേഷവും വേണ്ടെടൊ!
സംശയംകൂടാതെ ധരണീശനനുവദിച്ചീടും
ആശപോൽ സാധിക്കും വിവാഹോത്സവം
നടക്കുംവേഗം. (കോ....)

3) ബന്ധുവത്സലനാണോമലേ! കുറവനെന്നി-
ലന്തരംഗത്തിലൊട്ടേറുമെ.
ബന്ധുരാനനേ! യാനന്ദസിന്ധു
വിലാറാടും നൃപ-
നന്തരമെന്നിയേ ദൂതോദന്തമങ്ങറിയു
മപ്പോൾ (കോ....)

സൗരാഷ്ട്രം—അടന്ത

പിത്രാജ്ഞാപ്രതിചോദിതേമദനവിദ്യോദാന
ഹൃദ്യോശയേ
നത്തകൃൗതനയം വിവാഹവിഷയോല്ലുണ്ണം
വിധാതും തദാ

തത്തദ്വേഷവിധാനവിഭ്രമരതേ വിദ്യുല്ലതാ
വിഗ്രഹേ
വിശ്വസ്സ്നേഹനിധേ സ്സുതസ്യസവിധം
ഗത്വാ സലീലം സ്ഥിതേ.

പദം—

ഭൂമിപാലകുമാരകാ! ഭൂരികൃപാനിലയമെ!
കാമിനിമാർ ഞങ്ങൾ നിന്നെ കാമിച്ചുവലഞ്ഞീടുന്നു.
സോമബിംബമുഖിമാരിലാമയം വളർത്തീടൊല്ലേ
കാമകളേബര! വീര! രാമണീയകധാമമെ!
നന്ദനാരാമസമാനസുന്ദരോദ്യാനമിതല്ലോ
കന്ദബാണകേളിചെയ്യാൻ മന്ദതയെന്ന്യെവന്നാലും
പാൎശ്വസേവയാശിപ്പോരെശ്ശാശ്വതാൎത്ത
രാക്കീട്ടുകിൽ
ഈശ്വരൻ സഹിയ്ക്കാതെല്ലം വിശ്വവശ്യ-
മനോഹരാ!
ഉർവ്വശിമേനകാദിയാം സ്വർവ്വധൂസഞ്ചയം സദാ
ഗർവ്വശേഷമെന്ന്യെതൊഴും പാർവ്വണേന്ദുമുഖിമാരാം
കന്യകമാരല്ലോ ഞങ്ങൾ നിന്ദ്യമാക്കാൻ തുനിവതു
നന്ദ്യമാമോ മഹാരാജനന്ദനാ! സുന്ദരാകൃതെ!

ശ ങ്ക രാ ഭ ര ണം—ചെ മ്പ ട

സോമനേർ സുവദനേ! ദയാംബുധേ!
കോമളാബ്ജനയനാ!
മാരിപോലെചൊരിയുന്നു പൂങ്കണവാരി മാരനധുനാ
വാരിജാക്ഷ! ഹൃദയം തവ ഘോരം
കാരിരുമ്പുതാനോ
കുമാരകാ! കാരിരുമ്പുതാനോ. (സോ...)

നാരിമാരിലന്തരാഗം നിന്മനതാരിലേതുമില്ലെന്നോ
താരിളം തന്തപുണ്ണന്നകലാക്കു ഭൂരിഖേദമാകെ
കുമാരകാ! ഭൂരിഖേദമാകെ. (സോ....)
ആശ്രയിച്ചരികണയുന്നവരെ ക്ലേശഹീനരാക്കില്ലേ?
നാശമെന്ന്യെ ചരണാഗതരെ ഭൂമീശർ രക്ഷിയ്ക്കില്ലേ?
കുമാരകാ! ഭൂമീശർ രക്ഷിയ്ക്കില്ലേ. (സോ....)

ബ ല ഹ രി—ചെമ്പട

വല്ലതും ചൊല്ലാതെ പോകുവിൻ
പല്ലവാംഗിമാർ നിങ്ങൾ
വല്ലതും ചൊല്ലാതെപോകുവിൻ.
അല്ലണിവേണിമാർക്കുപ്പും പല്ലവാംഗി-
മാരെ! നിങ്ങൾ
വല്ലതും ചൊല്ലാതെപോകുവിൻ
കാമകേളിയ്ക്കാശയില്ല കാമബാണാർത്തൻ ഞാനല്ലാ
കാമമാശാസ്യവുമല്ല കാമിനിയിൽ പ്രിയമില്ലാ.
(വല്ല....)
ആശയദൂഷണാലാപം ലേശവുംനന്നല്ലാപാപം
ക്ലേശമിവയെല്ലാം ബീജാവാചവുമാമിപ്രലാപം.
(വല്ല....)
ആശസാദ്ധ്യമെന്നോർക്കേണ്ട ലേശവും
താമസിയ്ക്കേണ്ടാ
യോഷമാർനിങ്ങൾനില്ക്കേണ്ടാ ആശയം
മോശമാക്കേണ്ടാ (വല്ല...)

ഉ ശാ നി—കുമ്മി

വീര! വിമലഗുണപ്രസൂതേ! ധീരരണിയും
യുവനൃപതേ!
ചാരുഗഭീര! മനോഹര! മേരുസുധീര! ജയ ജയ
പൂരുഷഹീര! കൃപാനിധേ!
ക്രൂരമ്പുകൾ മാരൻ പുരുധീരൻ രണശൂരൻ അതി
ഘോരമെയ്തീടുന്നിതാ സുമതേ! ഭവാൻ
കാരണമെങ്ങളിൽ സാധുമതേ!
സുന്ദരിമാർ കുലമൗലെ ബാലെ!
കുന്ദലതേ! സഖി! ഗാനലോലെ!
നന്ദിതഗോത്രൻ മനോഭവസുന്ദരഗാത്രൻസരോരുഹ
വന്ദിതനേത്രൻ തിരുമുൻപിൽ
വന്ദിച്ചഭിനന്ദിച്ചുകമൊന്നിച്ചിനി നമ്മൾക്കര-
വിന്ദാക്ഷി! കുമ്മിയടിയ്ക്കാം ചാലെ—നിന്നു
ചന്ദനവല്ലീവിലാസലോലെ!
സന്തതമെന്തുതേ മൗനഭാവം ഹന്ത! കുമാരാ!
ഭവിച്ചിതേവം?
ചന്തമൊഴിഞ്ഞും ക്രമാഗതകാന്തികുറഞ്ഞും
മെലിഞ്ഞുഹൃ-
ദന്തമെരിഞ്ഞും വലഞ്ഞുതാ-
നെന്തിപ്പൊഴമാന്തിപ്പതു സന്ധിയ്ക്കുക വേഗം പുരു-
സന്താപവന്തീയിൽ വെന്തീടുന്നു നമ്മൾ
മാന്താർ ശരലീലയാടിയാലും
ആവതുപോലെ കളിച്ചുപാരം പൂവണി
വേണിമാർ നാമിന്നേരം

ശീലവിശേഷം നൃപാലകബാലനന്മേഷം
വരുത്തുവാ-
നാവല്ലശേഷം നമുക്കപോയ്
നാണിച്ചൊരുകോണിൽ ത്രപകാണിച്ചഥ
വാണീടുക-
യാണിനി നന്മയെന്നോർത്തിടേണം കൃപ
കാണിയും കാണുന്നില്ലെന്തുവേണം.

കല്യാണി—ചെമ്പട

അത്രാന്തരേ വികലമാനസനായ്‌വസിഷ്ഠം
ശുദ്ധോദനക്ഷിതിവരൻെറ മഹാസദസ്സിൽ
ശ്രീകോളയാവനിപതി പ്രഹിതഃ സമേത്യ
ബദ്ധാഞ്ജലിസ്സവിനയം നിജഗാദദൂതഃ

പദം—

പാർത്ഥിവേശ്വരാ! ശൃണുമേ വചനമിദം
കീർത്തനീയഗുണവാരിധെ!
പാർത്തലമെങ്ങുമേററം കീർത്തിചേർത്തകോളേയ
പൃത്ഥ്വീപാലകദൂതനത്രേ ഞാൻ ദയാനിധേ! (പാ....)
ശ്ലാഘ്യമായ് തീർന്നെൻ ജന്മം ഭാഗ്യസമ്പന്നവുമായ്
ഭാഗ്യവാരിധേ! മഹായോഗ്യ! നിൻദർശനത്താൽ.
(പാ....)
വൃത്താന്തമെല്ലാം ധരാഭൃത്തിങ്ങുണർത്തീടുവാൻ
സത്വരമയച്ചയാലെത്തിനേനിവിടത്തിൽ. (പാ....)

ആകുലം വേണ്ടശേഷം ലേശമില്ലവിശേഷം
ഏകുവൻ ഹൃദിതോഷം കേൾക്കൂ നൃപനിദേശം.
(പാ....)

സുരട്ടി—ചെമ്പട

ശ്രീമാനെന്തുണത്തിയ്ക്കുന്നു വൃത്താന്തമിപ്പോൾ
ധീമൻ! കോളേയഭൂപാലൻ.
താമസമരുതതിൽ കാമമേറുന്നുകേൾപ്പാൻ (ശ്രീ....)
ഏണനേർമിഴിയെൻെറ പ്രാണനായികതൻെറ
ചേണാൎന്നസഹജൻെറ ദൗത്യമെന്താണവൻെറ
(ശ്രീ....)

സൗരാഷ്ട്രം—അടന്ത

"പാൎത്ഥിവേന്ദ്രമൗലെ! തവപുത്രനുമെൻ
പുത്രിയുമായ്
സത്വരം വിവാഹമൂലമത്രസംബദ്ധരാകേണം,
ചന്ദ്രനും, ചന്ദ്രികയുമായെന്നുമെന്നും പ്രശോഭിയ്ക്കും
സുന്ദരൻ സിദ്ധാൎത്ഥനുമെൻ നന്ദിനിയശോധരയും.
കീൎത്തനീയാബ്ധേ! ഭഗിനീപുത്രനെന്ന മുറമൂലം
എത്രയും സമുചിതമാം കൃത്യമാമിതുസാധിച്ചാൽ"
എന്നിവിടെയറിയിപ്പാനിന്നടിയനെ കോളേയ
മന്നവനയയ്ക്കയാലെ വന്നുതേ തൃപ്പാദാന്തികേ.

സാരംഗം—അടന്ത

കൗതുകംവളരുന്നു മേ ഹൃദയെ കോളേയ ഭൂവര
കാമിതം ബഹുമാനദം സുദൃഢം
നല്ലസമ്മതമാണെന്നിയ്ക്കതിന്നില്ലതെല്ലുമ
തൃപ്തിയെന്നഥ
കില്ലശേഷവുമെന്ന്യെ നൃപനൊടുചൊല്ലണം
പരമാത്ഥമായി (കൗ....)
കേളിയന്നദിനം കുറിച്ചാനാളിൽ
വേളിമഹോത്സവം ബഹു
കേളിചെററവിധം നടത്തിടുവാനുറച്ചതിന്നില്ല
സംശയം (കൗ....)
“മാനമാന്നഭവാനുമിവനും സ്ഥാനമിതി
ലൊരുപോലെ”യെന്നായ്
ഊനമററിവനോതിയെന്നും മാനവേന്ദ്രനെ
നീയുണത്തുക” (കൗ....)

നവരസം—ചെമ്പട

വിവാഹപരിബദ്ധനായവശനായ് പരം
ദീനനായ്
ദിവാനിശമപാരമാം വിവിധചിന്തയാൽ
താന്തനായ്
യുവാവനിപനഞ്ജസാകുസുമവാടിയാന്നേകനായ്
ജവാദപഗതാശനായ് സ്വഗതമേവമോതീടിനാൻ

പദം—

തരുണിമാരണിമണിയൊരുവളെന്നിയ്ക്കുള്ളൂട്ടായ്
മരുവുന്നരികിൽ ധമ്മദാരങ്ങൾ
അരുതാത്തോരനത്ഥമായ് കരുതേണ്ടും
വിവാഹത്താൽ
പെരുതാം ദുഃഖമെന്നിയ്ക്കുമരുവയർ മണിയ്ക്കുമായ്
മോശമൈഹികമോശം ക്ലേശഹേതുകവുമാം
നാശവുമാം ഗളപാശവുമാമതിനാൽ (തരുണി)
അരുതല്ലോ പിതാക്കൾതന്നരുളപ്പാടനത്ഥമായ്
കരുതിവാഴ്കയെന്നതിന്നൊരുവനുമൊരിയ്ക്കല്ലും
ഇതിചിന്തിച്ചുകൊണ്ടഹം മതിബിംബ
മുഖിയാൾ തൻ
പതിയായ് തീൎന്നെന്നിയ്ക്കാശ്യഗതിതാനേററ
മാശാസ്യം (തരു....)
പിന്തിരിഞ്ഞിടാതെന്നും പന്തിയായ് ഭജിയ്ക്കണം
ശാന്തിയെതന്നെയാരും സന്തതസുഖാപ്തിയ്ക്കായ്.
(തരു....)

ഇടശ്ലോകം—

ആ മനോഹരയുവാവനീരമണനേകനായ്
വിജനവിസ്തൃതാ-
രാമദേശമതിലേവമാത്മഗതമാൻ ഹന്ത!!
മരുവീടവേ
കോമളാഭയെഴു മേകഹംസമൊരു ശസ്ത്രമേററ
ചിറകററുതൻ

വാമപാൎശ്വഭുവിസമ്പതിച്ചതു സമീക്ഷചെയ്തു
ഹതചിത്തനായ്.
തന്നെത്തന്നേമറന്നോറരം ഖിന്നനായ് നൃപനന്ദനൻ
ചെന്നെടുത്തതിനെ പുല്കി നന്ദ്യാ ശുശ്രൂഷചെയ്തുടൻ

### പുന്നാഗവരാളി—മുറിയടന്ത

ഘോരകൎമ്മമിവിധമാരാഹന്ത!! ചെയ്തയ്യോ!!!
ക്രൂരമൃഗോപമൻ നിസ്സാരനവൻ ഭൂമിയിൽ
ഭൂതദയയില്ലാത്ത ഘാതകാധമൻ ചെയ്ത
പാതകമിതു പരിതാപമേകുന്നു പാരം.
നാണിച്ചീടാതെ സാധു പ്രാണിയിലനാർദ്രത
കാണിച്ച കഠിനനിൽ കണികാണാ കരുണ.
സാധുവാമരയന്നപ്പോതമേ! നിനക്കമേ-
ലാധിവേണ്ടെടൊ! ശത്രുബാധയിൽ ഭയം
വേണ്ടാ—

### ഭൈരവി—ചെമ്പട

ഗതപാംസുമന്ദഹസിതാനനനാശുദേവ-
ദത്താഭിധൻ സചിവപുംഗവസൂനുവേകൻ
സിദ്ധാൎത്ഥസന്നിധിയണഞ്ഞു വണങ്ങിയേവ-
മിദ്ധാദരേണ നിജഗാദ നിജാഭിലാഷം.

പദം—

ഭാസമാന ഭവികാംഗാ! ഹേ! സഖേ! നൃപാത്മജാ!
ലേശമാശാസ്യമല്ലതിമോശമാണിത്തൊഴി
ലോൎത്താൽ

മാമകാസ്ത്രമേററു വേഗം ഭൂമിയിൽ പതിച്ചോരന്നം
കേമമോ കരത്തിലേന്തി ശ്രീമതേ! ലസിപ്പതേവം
താമസിച്ചിടാതെതന്നെ നീ മരാളമെന്നിയ്ക്കേകി-
യാമയമകററീടേണം രാമണീയകശാലിൻ!

നാട്ടക്കുറിഞ്ഞി—ചെമ്പട

മതി, മതി, മതിമൻ! സമ്പ്രതിമതിമമസഖെ!
അതികഠിനമാമൊരു ചതിവിതുചിതമായൊ!
കരുണവേണ്ടതല്ലെന്നു കരുതിടുന്നോ ഹൃദയെ
വിരുതുകാട്ടുന്നതിപ്പോളൊരു ചെറുജീവിയിലൊ!
നിലവിട്ടീവിധം ബാഹുബലവീര്യം പരീക്ഷിപ്പാൻ
വിലയില്ലാപറവയൊ? സ്ഥലകാലങ്ങളും കൊള്ളാം.
ജീവനോടിരിയ്ക്കുന്ന കേവലമീമരാള-
മാവശ്യപ്പെടുവാനെന്താവശ്യമിതിനെ നീ
പരിഭവിച്ചിടേണ്ടെടൊ തരികയില്ലിതിനെ ഞാൻ
പരിതാപമൊഴിച്ചാശു പരിപാലിയ്ക്കുവാൻ
നോക്കാം.

സൗരാഷ്ട്രം—മുറിയടന്ത

നീതിയോ നീ ചൊൽവതേവം പ്രീതിവിട്ടി
വണ്ണമിപ്പോൾ
ആധിചേർത്തീടരുതേ വിഖ്യാതിപാരമേലും സഖേ!
എന്നുടെയാണരയന്നമെന്നു ബോധിച്ചിടാതെയാ-
മിന്നു നീയെതിർത്തീടുന്നിതൊന്നുകൊണ്ടും ചിതമല്ലാ
മാന്നനീയോത്തംസമെ! തേ മാനവേന്ദ്രകുമാരകാ!

ഊനമെന്യേ മുമ്പുടമസ്ഥാനമിതിന്മേലില്ലാഞ്ഞോ?
വാനിലൂടെ പറക്കമ്പോഠം ഞാനിതിനെയെയ്തു,
ജീവ-
ഹാനിവരായ്കിലുമെനിയ്ക്കാണിതിന്മേലവകാശം.
വീഴ്ത്തി,താഴത്തെയ്ത്തു ഞാനാമാത്രയിൽ പക്ഷിയെ
കീർത്തി-
താഴ്ത്തിടും മട്ടെടുത്തു നീ വാഴ്ത്തിടുന്നിങ്ങുതന്നാലും.

മാരധനാശി—അടന്ത

എന്തിനായ് മോഹിച്ചീടുന്നു ലഭ്യമല്ലിതു
പിന്തിരിഞ്ഞാശു നീ പോകെടൊ!
കാരുണ്യംകൊണ്ടെനിയ്ക്കിതിൽ ചേരുമവ
കാശമേററം
പാരുഷ്യംവേണ്ടെടോ! സ്നേഹം പോരുമവ
കാശിയാവാൻ (എ....)
എണ്ണമില്ലാ ജീവജാലം വിണ്ണിലുള്ളോന്നിലശേഷം
നിണ്ണയം സ്നേഹിയ്ക്കുന്നതി-ലെണ്ണുകീ
മരാളമാദ്യൻ (എ....)
അന്തരമില്ല ലോകത്തിൻ ബന്ധുവായ്
മോഹാന്ധരെ ഞാൻ
ചന്തമായ് പഠിപ്പിച്ചീടും സന്തതം
കരുണ വേഗം (എ....)
മാലഖിലമകററുമെക്കാലവും ശ്രമിച്ചുജീവ-
ജാലസംരക്ഷണാത്ഥമിക്കോലവുമൊട്ടുക്കിടും
ഞാൻ (എ....)

ജീവനവിലയുണ്ടെങ്കിൽ ജീവരക്ഷചെയ്യവനാം
കേവലമവകാശി, നീ ദേവദത്താ! പൊയ്ക്കൊ
ണ്ടാലും (ഏ....)

ഇടശ്ലോകം

മൂദ്ധാവിൽക്കരുണാർദ്രനായ് കരതലാബ്ജ
ത്താൽ തലോടിബ്ഭയം
തീത്ത്യാദരവോടുഭോജനമുടൻ ചെയ്യിച്ചു
ചെയ്യും മുദാ
അദ്ധ്പ്രാണമെഴും മരാളശിശുവേപ്പൂന്തോപ്പി
ലെപ്പൊയ്കയിൽ
ച്ചേത്താനാത്തികറ്റതീരുമാറഥ യുവക്ഷ്മാപാല
ചൂഡാമണി.

നവരസ—ചെമ്പട

താതാജ്ഞയ്ക്കു വിധേയനായ് പരിണയിച്ചാരാമ
മദ്ധ്യസ്ഥമാം
ശ്രീതാവും മണിമേടയിൽ പ്രിയയുമൊത്തപ്പുണ്യ
വാൻ വാഴവേ
ഭൃതാവേശമൊടെന്നപോലൊരുദിനം
പെട്ടെന്നുണന്നല്ലിലുറ—
ഭൃതാതങ്കഭരത്തൊടൊത്തരുളിനാനേവം
പരിഭ്രാന്തനായ്
തരുണിമാർമണേ! മനമുരുകിടുന്നുമേ പാരം
നിരുപമേ! തവ ഖേദം കാൺകയാൽ

ഇരുളൊളികഷേ! മുന്നമൊരു നാളുമഴലാൽ നി–
ന്നരുണപത്മാനനം ക്ഷുരിരുളാണ്ടുകണ്ടിട്ടില്ലാ–
തരുണി
പരിഭവമെന്ന്യെ നിൻെറ പരിതാപത്തിൻ നിദാനം
പരിചോടെന്നോടു ചൊല്ലിത്തരിക മാമക–
നാഥേ!–തരുണി

പുന്നാഗവരാളി—ചെമ്പട

പ്രാണനായകാ! ദയാലോ! ത്രാണംചെയ്യണ
മെന്നെ (പ്രാ....)
പ്രാണനെന്നെ വിട്ടുപോവാൻ കാണിയും
താമസമില്ലാ
ക്ഷീണയായ് ഞാനയ്യോ! കൃപവേണമെന്നിലല്ല
മിപ്പോഠം (പ്രാ....)
ഏററവും വലുതാമൊരുക്കുററമെന്നോടേററുപാരം
ഊററമുള്ളവനോടുഞാൻ തോററഹോ !!
പരവശയായ് (പ്രാ....)
ശർമ്മദാനലോലരായ ചിന്മയർ നാലുപേരുടൻ
നമ്മുടെനഗരേവന്നു ധാർമ്മികകുലപ്രവീരർ (പ്രാ....)
എന്തിതിന്നുബന്ധമെന്നുചിന്തിച്ചുഞാൻഴന്നുപോയ്
നിന്തിരുപ്പാദമാണഴൽ ചിന്തിടുമെന്നിയ്യാ
ലംബം (പ്രാ....)
വീരരാകുമവർ കൊടിക്കൂറകളും പറപ്പിച്ചു
ധീരധീരം പോവതുംഞാൻ പാര മാർത്ത്യാ.
കണ്ടേനിപ്പോഠം (പ്രാ....)

തൽക്ഷണംധ്വജാഗ്രേ നിന്നിങ്ങുല്പതിച്ചീരാജകൊടി
ഈക്ഷണംചെയ്തേൻപകരം ശിക്ഷയായ് പതാക
വേറെ (പ്രാ...)

കേമമാം പ്രമാണവാക്യസ്തോമരാജിതമതേററം
ഹാ! മനോഹരമന്നേരംപൂമഴപൊഴിഞ്ഞു
നാഥാ! (പ്രാ....)

"കാലമായ് കാലമാ"യെന്നും ചാലവേ കേട്ടു,
കാന്തനി-
ക്കാലമെന്നെ വെടിഞ്ഞെന്നും മാലൊടെ
ഞാനുണന്നപ്പോറം.

തോടി—ചെമ്പട

കളഭഗമനേ! ഖേദമരുതേ (കള....)
കളമൊഴിമണേ! ഗുണവസതേ! വരികരിൽ.
കളയുക ഭയം പത്മദളസുരുചിരനേത്രേ! (കള....)
പലവിധ വിചാരങ്ങളുലമലമകക്കാമ്പിൽ
നിലവിട്ടേററീടുന്നതിൽ ഫലമായ്സ്വപ്നമു
ണ്ടാകും (കള...)

അരുണാധരി!യന്യഥാ കരുതിമാഴ്കീടായ്കഞാ-
നൊരുകാലമുപേക്ഷിച്ചുമരുവീടാഭവതിയെ(കള....)
നിരസിപ്പാനൊരുവേള തരമായെന്നിരുന്നാലും
കരളിൽനിന്നെ ഞാനോക്കും മരണകാലത്തു
പോലും (കള...)

നാഥനാമക്രിയ—അടന്ത

മദനമോഹനാകാരാ! മഹനീയഗുണാകരാ!
സദയമൊന്നു കേൾ വീരാ! സത്വരം നീ
പ്രാണേശ്വരാ! (മദ....)

കരുണാവാരിധേകാന്താ! പുരുഷരത്നമേ! ഹന്ത!!
പെരുകുന്നഴൽ നിതാന്തമുരുകുന്നധുനാ
സ്വാന്തം (മദ....)

പുരുമോദം നിന്നുപാന്തേ മരുവുമപ്പോലെ സ്വാന്തേ
വരുമോ സുഖമേകാന്തേ നിരുപിച്ചീടാത്ത
തെന്തേ (മദ....)

പരിചിൽകാന്തൻ പാദത്തിൻ പരിചരണവ്രതത്തി-
ന്നരിയോരുഭംഗമെത്തിച്ചഴലുണ്ടാക്കൊല്ലേ
ഹൃത്തിൽ (മദ....)

ദ്വിജാവന്തി—ചെമ്പട

കരിമത്സ്യായതനേത്രേ! കാരുണ്യപാത്രേ!
കമനീയതര ഗാത്രെ!
കളമൃദുമൊഴി! ഖേദം കളയുകനീ നിർവ്വാദം
അളവേമോദമഭേദം വളരും നവസൗഹൃദം (കരി....)
കരയരുതേകാമിനി! കരിവരസുഗാമിനി!
കരളിലുത്സാഹമിനി പരിചോടേറ്റം
മാനിനി (കരി....)

ലോകദുഃഖത്തിന്നാലാകവേഞാനധുനാ
ശോകമാന്നസ്ധനായ്ഭീകരം വാഴ്ക്കതാനാം (കരി....)
ഗർവ്വെന്യേഞാൻ തിരഞ്ഞാ നിർവ്വാണമാഗ്ഗ
മറിഞ്ഞോ-
ലവിരളാനന്ദം നെഞ്ഞാണ്ടിടുമത്തുനീയറി
ഞ്ഞാൽ (കരി....)

ഇടശ്ലോകം.

"പാരാതല്പമുറങ്ങിയാലുമിനി നീ യേണാക്ഷി!
യേത്തും ഭയം
ചേരാതിന്നരികത്തിരുന്നു ശരിയായ് സൂക്ഷിച്ചു
കൊള്ളാം പ്രിയേ!"
പേരാളുന്നയുവാവനീരമണനിത്യേവംകഥിച്ചീടുമ-
ഗ്ഗീരാലാദരപൂർവ്വമക്കമനിയാറം നിദ്രാം
പ്രപേദേസുഖം.

സുരട്ടി— ചെമ്പട

"സിദ്ധാത്ഥാഭിഖ്യകോലും ശ്രിതഗ്ഗുണവസതേ!
നീയ്യിന്നിത്താമസിയ്ക്കാ-
തിദ്ധാനന്ദം തിരിച്ചീടുക, ഭുവനപരി
ത്രാണമാണേകലക്ഷ്യം"
ഇത്ഥംശ്രുത്വാ തദാനീമൊരു ഗിരമമലം
വ്യക്തമായ്ത്താൻ; യുവക്ഷ്മാ-

ഭൃത്തത്യത്ഥം കൃതാത്ഥാൽ ഭൂതഹൃദയമൊടെ–
ത്തീവിധം ചിന്തചെയ്യാൻ.

ഇല്ലാ സംശയമേതുമേ മാമകഹൃത്തി–നില്ലാ....
വല്ലാതല്ലലാന്നീടുമെല്ലാലോകക്കും ദുഃഖ–
മില്ലാതാക്കുവാൻ സൗഖ്യമെല്ലാംത്യജിപ്പാ
നിപ്പോ–ളില്ലാ....

നീണാളുഴലുമീഞാൻ കാണാൻ ശ്രമിച്ചീടുംനിർ–
വാണപദോചിതമാം ചേണാന്നമാഗ്ഗമിന്നി–ഇല്ലാ....
പാരാതഹിംസാധമ്മസാരാമൃതമുലകിൽ
ധാരാളമാക്കുമേകാനാരാഞ്ഞറിവൻവഴി – ഇല്ലാ....
കൃത്യാകൃത്യവിചാരം സത്യം സമാധാനമെ–
ന്നിത്യാദിപലഗുണം ചേത്തീടും
ഞാനുലകി—ലില്ലാ....

പന്തുവരാളി—ചെമ്പട

എങ്ങിനെതിരഞ്ഞിടുന്നുനിർവ്വാണ
മാഗ്ഗ (മെങ്ങിനെ....)

അംഗനാകുലമണിമംഗലാംഗിയാളൊത്തു
തുംഗസൗഖ്യമായ് വാണ സംഗതി
മറന്നിപ്പോ–ളെങ്ങിനെ....

ഉല്ലലാക്ഷിയാളെയും ഗഭസ്ഥശിശുവെയും
മല്ലിതാക്കളേയും ഞാനിപ്പുരിയെയു
മോക്കാ—തെങ്ങിനെ....

കാരുണ്യാമൃതമോലും മാമകമാനസമേ
ചേരുമോ പാർത്താലേവം ഭീരുതചമിക്കാ
രൃത്തിൽ (ഏ....)
ആകുന്നവേഗമാക്ഷ മാകുലംതീർത്തു സൗഖ്യ
മേകുവാനുറച്ചിതാ പോകുന്നഹമധുനാ (എങ്ങി....)

ഇടശ്ലോകം.

പാരാതേവമുറച്ചു കാലടികൾ നാലഞ്ചാറു
വച്ചീടവേ
ശ്രീരാജദ്ഗുണപൂർണ്ണയാം ദയിതതൻകാര്യം
നിനച്ചാർത്തനായ്
ധീരാഗ്രേസരനെങ്കിലും, യുവനൃപൻപെട്ടെന്നു
മായാന്ധനാ-
യാരാകേന്ദുമുഖിം പുണർന്നഥ മനോവൈക്ലബ്യ
മാററീടിനാൻ.

മാരധനാശി—ചെമ്പട

ആലസ്യമായ് പ്രജ്ഞവെടിഞ്ഞുറങ്ങും
നീലാബ്ജനേത്രാന്തികമാർന്നു വേഗം
ആലിംഗനംചെയ്തഥ വാങ്ങിനിന്നാ-
ശ്രീലൻമൊഴിഞ്ഞാത്മഗതം സുധീരം
ചഞ്ചലമില്ലാ പാർക്കിൽ മാമകാശയേ
കിഞ്ചനപോലുമിന്നിമേൽ
കൊഞ്ചും കിളിമൊഴിയെൻ ചഞ്ചലാക്ഷിയുണർന്നു
അഞ്ചാതെന്നെക്കാണാതെ നെഞ്ചുംതകർന്നു
കേഴും (ച...)

ആകട്ടെന്നാലുമുടൻ പോകട്ടെ ഞാനോമലെ!
ഏകട്ടെ സമാധാനം ലോകമൊട്ടുക്കെൻ
യാനം (ച....)
ഏണാക്ഷീകുലമണേ! ചേണാൎന്ന നിൻ മുഖാബ്ജം
കാണാതീപൂഞ്ചേലതൻ കോണാൽമറച്ചീടുന്നു
(ച....)
ഉല്ലലാക്ഷിയെയും ഞാൻ തല്പമിതും സ്പൎശിയ്ക്കി-
ല്ലിപ്രജകളോടെല്ലാമിപ്പോൾ യാത്രപറയാം. (ച....)

പുന്നാഗവരാളി — മുറിയടന്ത

യശോധരാ, നൃപാലനന്ദിനിയുണൎന്നു നോക്കീടവേ
അശോകസുമബാണകോമളിമയാളുമക്കാന്തനെ
അശോഭനമഹോ! തദാ സവിധസീമ്നി
കാണായ്കയാൽ
ഭൂശോൽക്കലികയാ കരഞ്ഞതുളിനാളിമാംഭാരതിം.
പ്രാണനായകാ! സുമബാണസുന്ദരാ, കാന്താ!
ത്രാണംചെയ്യുവാൻള്ളിൽ വേണമേ കൃപാലേശം.
കാണരുതെന്നോൎപ്പതെന്താണെന്നെപ്പരീക്ഷിപ്പാ-
നാണെന്നിരിയ്ക്കിലോ വരേണമിന്നിയെൻ മുമ്പിൽ.
(പ്രാ....)
ക്ഷോണിനാഥാ!, ദയാലോ! ത്രാണിയില്ലാ ഭവാനെ-
കാണിനേരം പിരിഞ്ഞു വാണീടുവാനെ
നിയ്ക്കിപ്പോൾ. (പ്രാ....)
എന്നെത്യജിയ്ക്കും ഭവാനെന്നു ഞാൻ കണ്ട കിനാ-
വിന്നനുഭവമാക്കാൻ തന്നയോ നിശ്ചയിച്ചു. (പ്രാ....)

ഇല്ലാകിന്നാവിന്നത്ഥം തെല്ലുപോലു മെന്നല്ലോ
ചൊല്ലിഭവാ; നീവണ്ണമല്ലോ പരിണമിച്ചു. (പ്രാ....)
കാത്തുകൊണ്ടീടാം ഭീതിയെത്താതെന്നരികേ നീ
പാത്ത്ഥമേലെന്നമൊഴി വ്യത്ഥമാക്കിയതെന്തേ.
(പ്രാ....)
പാഹി, പാഹിമാംശൗരെ! പാഹിപാഹ്യനാഥാം മാം
ദേഹി ദേഹി മേ പതിം ദേഹി മേ സമാധാനം(പ്രാ...)

ബ ല ഹ രി—ചെ മ്പ ട

അതിശീഘ്രമനോമയാം നദി-
യ്യേതിരേചേന്ന രഥാവതീണ്ണനാം
ക്ഷിതിപാത്മജനാത്മസൂതനെ
പ്രതിനന്ദിച്ചുരുളീടിനാനിദം.

സാരഥേ! ശൃണുവചനം മാമകപ്രിയ
സാരഥേ! ശൃണുവചനം!
പ്രതിബന്ധമൊന്നും കൂടാതിതിജവം സർവ്വലോക
വിദിതമാമനോമയാം നദിയുടെമുന്നിലായ്നാം.
(സാ...)
ഗിരിശിഖരോപരി ഗൗരാഭ തൂകീട്ടന്നു
ത്വരിതമായ് പ്രഭാതമിങ്ങരികിലണയുവാൻ.
(സാ....)
പ്രിയമെഴുംസഖേ! ശുക്രനുയരുന്ന കണ്ടായോ നീ
നയഗുണനിധേ! സ്നാനംചെയ്യട്ടീനദിയിൽഞാൻ.
(സാ....)

മേളമായഹം കരവാളാലരിഞ്ഞുവിട്ട
നീളമാന്ന മുടിയും ചീളന്നെൻപാദുകവും. (സാ...)
കനകകിരീടാദ്യമാമനവധിഭൂഷണവും
നിനവുവേണ്ട കൊണ്ടുപോയ് ജനകപാദേ
വെച്ചാലും. (സാ...)

നാഥനാമക്രിയ—ചെമ്പട

മേദുരഗുണജലധേ! മേദിനീശകുമാരകാ!
സാദരം കൈവണങ്ങുന്നേൻ പാദപങ്കേരുഹമഹം.
(മേ....)
കല്പനയേതു ചെയ്വാനു മല്പനാമിവനെപ്പൊഴും
തല്പരനാണെന്നല്ലഹം കെല്പധികമെഴും ഭൃത്യൻ.
(മേ...)
എങ്കിലും നൃപതേ! പാദകിങ്കരനാമെനിക്കേവം
സങ്കടമേകുവാനേതും ശങ്കയില്ലയോ ഹൃദയേ. (മേ....)

മുഖാരി—ചമ്പട

സാരഥേ! തിരിച്ചുപോയാലും നഗരെചെന്നു
ചേരണം നീ രാത്രിയായാലും.
ഭൂരമണം വണങ്ങേണം ധീരനെയറിയിക്കേണം
സാരമാമുന്തേംക്ഷണം പാരമാമോദ
മേകണം. (സാര...)
ഞാനിതാപോയീടുന്നിങ്ങനെ സന്യാസമാന്നു
ജ്ഞാനിയായ് ത്തീരുവാൻ കാനനേ.

ജ്ഞാനസാമ്രാജ്യാധിപത്യം മാനമായ് ഗ്രഹിയ്ക്കുംകൃത്യം
മാനസെ ധരിച്ച നിത്യം മാനവാരാദ്ധ്യനാം
സത്യം. (സാര...)
ആഗ്രഹംസാധിച്ചാലുടനെ വന്നീടും താതാ-
നുഗ്രഹമുണ്ടെങ്കിൽ ഭവനേ.
ഉഗ്രമാമുലകിൽ ഖേദം നിഗ്രഹിച്ചീടാഞ്ഞുന്മാദം
വിഗ്രഹേ ചേൎന്നു നിർവാദം യാത്രയായ് പോന്നു
സാമോദം. (സാര....)

കല്യാണി—ചെമ്പട

പേരാളുമനോമയാം വരനദിയിതുപാര-
മാനന്ദപ്രദം സാമ്പ്രതം.
പാരാതിതിൻ മാഹാത്മ്യ മേതാണെങ്കിലുമോതാൻ
പോരാ പാടവമുരഗേന്ദ്രൻ ശേഷൻ
പോലും. (പേരാ....)
അരവിന്ദങ്ങളിൽ ഭൃംഗനിരയാശു മധുവുണ്ടു
മുരളും നാദമാഹ്ലാദതരമാകുന്നു.
സരസമായ് മരാളങ്ങൾ പുരുമോദംകളിയ്ക്കുന്നു
പരമാനന്ദമായ് മീനനിരയും
പുളിനങ്ങളിൽ. (പേരാ....)
നിർവ്വാണപദാൎഹരായ് നിർവ്വികാരരായേത്തും
ഗർവ്വമററവർ ജ്ഞാനമാനസന്മാർ.
സർവ്വനേരവും ധ്യാനപൂർവ്വമീനദീതീര-
പർവ്വതാടവിതന്നിൽ ശർവ്വഭക്തർ വാഴുന്നു. (പേരാ...)

വളരുമെന്നഴൽ ദൂരെക്കളവാൻ കൈതവമെന്ന്യെ
കളകോമളാഭകോലും പുരുതീർത്ഥമെ!
അളവേ നീ സഹായിച്ചു പുളകാവൃതനായിപ്പോറം
കളവല്ല മോദഭാരമിളിതമാനസനായ്
ഞാൻ. (പേരാ....)

ദണ്ഡകം

ഏകാന്തഭക്തിയതിലാകാംക്ഷയാന്നു നൃപ
നേകാകിയായ് ബത നടന്നു.
പലടവുമകന്നു–പലരൊടിടചേന്നു.
നലമൊടവനമലതരഗതിയതിന്നുകൊതിയൊടഭി
മതമഖിലജനമൊട്ടമിരന്നു.
നിർവ്വാണമാർഗ്ഗമുടനറിയേണ്ടതിന്നമല–
നതിയായി വീണ്ടുമുഴലുന്നു.
അലമകലമാന്നു അലസതയകന്നു
പലചപലമൃഗമധികമലറിമദമിയലുമൊരു
വലിയമലയുടെ മുകളിൽവന്നു.
ധന്ന്യാശയൻ വലിയ സന്ന്യാസിമാരൊടതി
തന്ന്യാസരീതികറം പഠിച്ചു.
അവരൊടൊരുമിച്ചു അവിടെ നിവസിച്ചു.
വ്രതനിലയിലൊരുഫലവുമതിലധികഗുണഗതിയു–
മുണ്ടാകയില്ലിതിധരിച്ചു.

ഏകാഗ്രമുഗ്രതപ മാകാംക്ഷയൊത്തഫല-
മേകാത്തതാണിതിന്നിനച്ച
അകമലർതപിച്ച അവശതഭവിച്ച
അശനമതിലതികുറവൊടവനാററുതീരമതി-
ലാലസ്യമാണ്ടുനിപതിച്ച.

ഘണ്ടാരം—മുറിയടന്ത

ആട്ടിൻകൂട്ടവുമൊത്തു ഫൽഗുനനദീതീര
പ്രദേശപ്പെരു-
ങ്കാട്ടിൽക്കൂടെ നടന്നുപോകുമിടയപ്പയ്യൻ
സുജാതാഹ്വയൻ
വേഷ്ടിച്ചീടിനപട്ടവസ്ത്രശകലത്തോടൊത്തു
നിശ്ചേഷ്ടമാം
മട്ടിൽപെട്ടുകിടക്കുമാനൃപയതിം
കണ്ടിണ്ടലാന്നോതിനാൻ.

ആട്ടിൻകുലമതിൻ കുട്ടികളോടൊത്തി-
ക്കാട്ടിൻ നടുവെങ്ങും പാട്ടിൽക്കളിയ്ക്കട്ടെ
ആഹാരാനന്തരം ദാഹം ശമിപ്പിപ്പാൻ
മോഹ,മെന്നാൽ നദി മോഹനം കാണുന്നു
മോശമിവററയ്ക്കശേഷമെശാതിശം
ശശ്വൽഭജിയ്ക്കാമീയാററിൽകുളിച്ചുഞാൻ.
ആരായിരിയ്ക്കുമിസ്സാരാഭനീ നദീ
തീരാന്തമാന്നു ശയിച്ചിടുന്നീവിധം

ആധിയാലോ ശത്രുബാധയാലോ ഘോര-
വ്യാധിയാലോ ചെററു ബോധമില്ലാതൊരാൾ
നിശ്ചയമില്ലിതാർ? നിശ്ചേഷ്ടമായ്പരം
നിശ്ശബ്ദനായിശയിയ്ക്കുന്നതെന്തുവാൻ?

*　　　*　　　*　　　*

കാണുന്നുഗാത്രത്തിൽ പൂണുനൂൽ, ഭൂസുര-
നാണെന്നും ക്ഷത്രിയനാണെന്നുമൂഹിയ്ക്കാം.

*　　　*　　　*　　　*

ആഹാരമില്ലാഞ്ഞു ദേഹംകൃശമായി
ദാഹംപെരുക്കയാൽ മോഹംഭവിച്ചതാം.

*　　　*　　　*　　　*

ശിഷ്ടനിദ്ദേഹം; ഞാൻ തൊട്ടു പാലേകുക
കഷ്ടമത്രേ പാപമിഷ്ടമില്ലാ മമ.

*　　　*　　　*

ആട്ടു പാരം മുഖത്തോട്ടുചേത്താൽ, പാല-
കിട്ടു ഞെക്കിത്തീരെ കേട്ടകൂടാതേകാം.

കാമോദരി—ചെമ്പട

അരുതരുതേവം ശങ്ക നിരുപമകൃപാബ്ധേ! കേൾ
പെരുകുന്നുമോദം മമ പുരുപുണ്യാകരംതാൻ നീ
വരികസോദരാ! ജവമരികിൽചേന്നിരുന്നാലും
പരിചോടെന്നുടെജീവൻ പരിപാലിച്ച നീ ധന്ന്യൻ
എത്രയും ഭംഗിയുള്ള പാത്രം കയ്യിലുള്ളപ്പോ-
ളത്ര, പാൽതരുവാൻ സൂത്രമിത്തരമെന്തേ?

നീതിവിട്ടകററമാജാതിയില്ലെന്നിശ്ശപ–
വീതമുണ്ടെന്നുവെച്ചു ഭീതിവേണ്ട വന്നാലും
ഔദാര്യമര്യാദകളാദരണീയം നിന–
ക്കാഭിജാത്യമന്നല്പമേകും ഭൂഷണമിവ.
വലിയവ,നെളിയവനെന്ന ഭേദമെനിയ്ക്കില്ലാ
മലിനമാകുമച്ചിന്ത മിളിതമാകുകയില്ലാ.
പാരമാമെൻെറ ക്ഷീണംമാറുവാനായ്സദയം
പാരാതാപ്പാത്രത്തിൽ നീ ക്ഷീരമേകണമല്പം.

### എരിയ്ക്കിലകാമോദരി—ചെമ്പട

തൃപ്പാദാംബുജമധുനാ സാദരം യതീ–
ന്ദ്രോത്തമാ! വണങ്ങീടുന്നേൻ
തുംഗമാനസാ! വിഭോ! മംഗളാബ്ധധേ! ഭവദ്
സംഗം മാമകജന്മം സഫലമാക്കിയിന്നേരം-തൃ–

### സുരട്ടി—ചെമ്പട

യഥാഹ്മന്നാത്മസഹോദരൻ ഗൃഹേ
വരായ്കയാലോദനമാന്ന നിർഭയം
ഗവേഷണം ചെയ്കഥ ഫൽഗുനാപഗാ–
വനത്തിലാച്ചേസ്ത്രപയെത്തി സത്വരം.

മാമകാൻജാ! വന്നാലും താമസിയ്ക്കാതെ
രാമണീയക വാരിധെ!
ഒട്ടു നേരമായഴൽപെട്ടു ഞാൻ തിരയുന്നു. (മാമകാ....)

ആട്ടിൻകൂട്ടത്തെമേച്ചെമ്മട്ടുനീയെങ്ങുതന്നെ
കൂട്ടിനാരുമില്ലാതിക്കാട്ടിൽ വാഴുന്നുകഷ്ടം!
(മാമകാ....)

ആഗമജ്ഞനാം യുവയോഗിയൊത്തനുജനി-
ങ്ങാഗമിച്ചീടുന്നേററം ഭാഗധേയമായ് മമ.
(മാമകാ....)

## കല്യാണി—ചെമ്പട

സോദരി! ഗുണശാലിനി! മാമകാഗ്രജെ!
സാദരം ശ്രുണു വചനം.
പൂതമാനസൻ വീതരാഗാദിദോഷനേററം
ഭൂതദയാബ്ധി! മഹായോഗിയിദ്ദേഹംകാൺക (സോ....)
പങ്കജവിലോചനെ! മങ്കമാർമണെ! മഹാ-
സങ്കടഹരം പാദപങ്കജം ഭജിച്ചാലും. (സോ....)
ഭാഗധേയമോ,മമ യോഗമോ നിനയ്ക്കുമ്പോ-
ളാഗമജ്ഞനിങ്ങോട്ടിന്നാഗമിച്ചെന്തൊന്നാലും.
(സോ....)

ജന്മസാഫല്യംവന്നു നമ്മൾക്കിന്നിമിത്തത്താൽ
കന്മഷാപഹൻ പാരം നിർമ്മലൻ യതിവര്യൻ.
(സോ...)

കുഞ്ജരഗമനെ! നീ കഞ്ഞിയിങ്ങു തന്നാലു-
മഞ്ജസാഭുജിയ്ക്കട്ടെ മഞ്ജുളഗുണാംബുധി. (സോ....)

### നവരസം—ചെമ്പട

അവമതി മതി സാധുമതിയാം സഹോദരാ നീ-
യവഹേളിച്ചതു മതി സാഹസം.
പുരുപുണ്യാംബുധി യതിവര്യനിദ്ദേഹമെന്നു
കരുതുന്നെങ്കിലോ തൊട്ടേകരുതാഹാര
മൊന്നും നാം. (അവ....)
ഇടിവേറുന്ന നീചന്മാരുടെ വംശേ പിറക്കയാ-
ലിടയർനാം; ഇവക്കാറെട്ടടിമാറേണ്ടവരല്ലോ.
(അവ....)

### മോഹനം—മുറിയടന്ത

സരസിജായതലോചനെ! മനോമോഹനെ!
വരികരികിൽ ശോഭനെ! കളഭരാജഗമനെ!
(സര....)
അറിവില്ലാതിവണ്ണം നീപറയുന്നതെ
ന്തിനായ് ജാതി
മുറയിലത്ഥമില്ലൊന്നും കുറവില്ലാ മനുഷ്യരിൽ.
(സര....)
സ്വാത്ഥപരന്മാർ പരമാത്ഥംമറച്ചുവെച്ചീ-
അത്ഥമില്ലാത്ത ജാതി വ്യത്ഥമുണ്ടാക്കി പുരാ.(സര....)
തെറെറന്നു ബോദ്ധ്യമായാൽ മറെറാന്നും നിനയ്ക്കാതെ
തെറെറന്നീയനാചാരം മാറേറണ്ടതല്ലേ ധമ്മം.
(സര....)

സ്വാതന്ത്ര്യം സമാധാനം സാഹോദര്യം സമത്വം
ഭേദമററിവയെല്ലാം ജാതിനശിപ്പിച്ചീടും. (സര....)
വിശന്നൊരാറം നില്ക്കുമപ്പോളശിയ്ക്കുവാൻ
ധൈര്യമെന്നി-
യ്ക്കുശേഷമില്ലെടോ ബാലാ !
പശിയാററീടാമെന്നി...(സര....)

ബിലഹരി—ചെമ്പട

അടിമലരിണയിപ്പോളടിയങ്ങറം പണിയുന്നു
കൊടിയ ഭക്തിയോടേത്തും മടിയാതെ
യതിവര്യാ! (അ....)
ഭംഗമെന്നിയെ ഭവദ്സംഗമംലഭിയ്ക്കുവാൻ
സംഗതി ഭവിയ്ക്കയാൽ തുംഗഭാഗ്യരായ് ഞങ്ങറം.
(അ....)
ആധാരവിഹീനന്മാർ സാധുക്കളെടിയങ്ങറം
ബോധമാന്നുണന്നിന്നൽബോധനാ
മൃതഭക്ത്യാ. (അ....)
കാരുണ്യാംബുധേ! ഭവദ്സാരൂപ്യം ലഭിയ്ക്കണം
ചാരുപങ്കജപാദമോരുവാൻ വരംവേണം. (അ....)

ആനന്ദഭൈരവി—ചെമ്പട

സാരസായതലോചനേ! സുജാതെ! ഗുണ-
സാരമേ! ഭവ്യമസ്തു തേ.
പാരംതൃപ്തനായ്ത്തീൎന്നിന്നേരം ശുഭേ! നിന്നുപ-
ചാരം നിനച്ചു മോദഭാരംഭവിച്ചുനന്നായ്. (സാ....)
ഉത്തമനാം സോദരനൊത്തതിസൗഖ്യമായി
പാൎത്തുകൊള്ളേണമൈകമത്യമാൎന്നെന്നുമേവം
(സാ....)
ചാരേവരിക സോദരാ! മാമകവാക്യം
നേരെ ബോധിച്ചുകൊൾകെടൊ!
ലോകദുഃഖംനിമിത്തം ശോകാന്തനായ്ഭവിച്ചി-
ന്നേകനായുഴലും ഞാൻ, പോകുന്നിവിടംവിട്ടു.
(ചാ....)
കാരുണ്യാലയൻ ഞാനെന്നോൎക്കഹിംസാധൎമ്മ-
സാരാമൃതം തിരഞ്ഞു; ചേരാമടുത്തിവിടം. (ചാ...)

മദ്ധ്യമാവതി—ചെമ്പട

സന്തുഷ്ടാത്മാ ച ദീനാൻ വിഷമതമഭയാ-
ക്രാന്തതാന്താംശ്ചപാതും
ക്രാന്തപാശാന്താഭിരാമോ ഭവഭയരഹിതഃ
ശാന്തചിത്തോനുകമ്പീ
ദേശാന്നാശാനുകൂലം പദമവിരതധീഃ
സംശ്രിതോശ്വത്ഥമൂലേ

തസ്ഥൗ പീതാംബരാലംകൃതതനുരഥഭേ-
ജേച ചിന്താം നിതാന്തം.

മിതമായശിച്ചീടുന്നു ഹിതമാമാഹാരമിപ്പോ-
ളതിനാൽ വളൎന്നീടുന്നു മതിയിലുത്സാഹം മമ
യതിവരരവരുടെ സ്ഥിതിയിലെന്നിയ്ക്കരുതേ
വ്രതനിലപാലിച്ചീടാ, നശനപാനങ്ങളെന്യേ.
ഇടയബാല സുജാത, ഇടരെഴുവോരിൽകൃപ-
തടവുമവിടെ കഞ്ഞികുടിച്ചതിൽപിന്നെയല്ലോ
മതിയുമെൻെറഗാത്രവുമതിബലമാൎന്നു കൃപാ-
മൃതമതിൻഗുണമേററം പതിവാനുമിടയായി.
ശ്രേഷ്ഠമാം ധ്യാനം സൎവ്വാഭീഷ്ടവും സാധ്യമാക്കി
ക്ലിഷ്ടമററ മാമകജന്മം സഫലമാക്കി
ഭീകരാകൃതിയെഴും ലോകദുഃഖത്തിൻമൂല-
മഖിലമതിജവേന അകതളിരിലറിഞ്ഞു.
മാനമാൎന്നതിൻ പരിഹാരമാൎഗ്ഗവും കണ്ടു
സ്വാനുഭവമാക്കിഞാനനവരതമിന്നേരം
ഖേദിച്ചു നിർവ്വാണമാം ബോധിയെ പ്രാപിയ്ക്കുവാൻ
സാധിച്ചു ചാരിതാൎത്ഥ്യഹേതുവായ് ഭവിച്ചല്ലോ.

കല്യാണി—ചെമ്പട

കേൾക്കണം കാതുള്ളജനമൊക്കെയുമെന്നുടെവാക്യം
നീക്കമെന്യെ ഗ്രഹിക്കുവാനോൎക്കണ-
മുൾക്കാമ്പിലാരും.

"ധമ്മദാന"മത്യധിക ശമ്മദമാകയാലതിൻ
നന്മയിമ്മഹിയിലെങ്ങും സമ്മതമാക്കീടാമല്ലൊ
"ആഗമാത്ഥ"വു "മഷ്ടാംഗയോഗ"വുമേതവരേയും
വേഗമീഞ്ഞാൻ ധരിപ്പിയ്ക്കാം ഭാഗധേയം
ജനിപ്പിയ്ക്കാം.

മോഹനം—അടന്ത

ഇത്ഥമുത്തമഗിരം നിശമ്യ സം—
ശുദ്ധമാനസമനോഹരാന്തികം
ഭക്തരായപുരുഷാളിബുദ്ധകീ—
"ജേ"ത്യമന്ദതരമെത്തിസത്വരം

സിദ്ധാത്ഥനാമക മഹീമഘവാ, ഹഹിംസാ
തത്വാത്ഥബോധി ഭവനാശനനീശ്വരാംശം
നിധ്യായ ബുദ്ധഭഗവാൻ സമഭാഷതൈവ—
വത്രാന്തരെ സകലലോകമഹാസമക്ഷം.

സഫലം മാമകജന്മമെ സംശയമില്ലാ
വിഫലമല്ല മേ കാമിതം
സഫലമാക്കുവാൻ നോക്കീടഖില
ലോകരും ജന്മം. (സഫ....)

ഏകദൈവമെന്നാരും ആകവേ നിനയ്ക്കേണം
ലോകമഹിംസാധമ്മമാകണ്ടം ഭുജിയ്ക്കേണം. (സഫ...)
സാഹോദര്യവും സമഭാവനയും ഭവാന്മാർ
സ്വാതന്ത്ര്യവും സഹനശീലവും പുലത്തേണം.
(സഫ...)

രാജഭക്തിയാക്കും സ്വരാജ്യഭക്തിയും വേണം
വ്യാജമററതായ് സാധുപൂജയും
ദിവാനിശം. (സഹ...)
പാരുഷ്ണിപ്പിയ്ക്കും ഘോരദാരുണാധർമ്മവഹ്നി
കാരുണ്യാമൃതധാര പോരും നശിപ്പിച്ചീടാൻ.
(സഹ....)

ഭൂപാളം അഥവാ ദേവഗാന്ധാരം—ചെമ്പട

ഭജിയ്ക്ക സദാ മനമേ! ബുദ്ധദേവനെ
സ്തുതിയ്ക്ക സദാ മനമേ!
നിർവാണപ്രദനെ നീ ഗർവ്വമിയലാത്തോനെ
സർവ്വം ഗ്രഹിച്ചവനെ സർവ്വം
ത്യജിച്ചവനെ. (ഭജി....)
സ്നേഹം നിറഞ്ഞവനെ മോഹം കളഞ്ഞവനെ
ഗേഹം വെടിഞ്ഞവനെ മോഹനാകാരനെ.(ഭജി...)
ജ്ഞാനപ്രശോഭനെ മാനവാരാദ്ധ്യനെ
ദീനദയാപരനെയാനന്ദദായകനെ. (ഭജി....)
സ്വാതന്ത്ര്യസ്ഥാപകനെ ആതങ്കമാററുവോനെ
നീതിജ്ഞവര്യനെ ഖ്യാതിയെഴുന്നവനെ. (ഭജി...)

പു റ നി ര — ചെ മ്പ ട

ശമിച്ചാലും സഹജരെ! ഭ്രമിയ്ക്കാതെന്നുപദേശം
ശ്രമിച്ചാലും പഠിപ്പിപ്പാൻ രസിച്ചീടട്ടഖിലരും.
നല്ലവരായ് സദാ നല്ലതേ ചെയ്തീടാവൂ.
നല്ലവണ്ണമാലോചിച്ചെല്ലാം തീർച്ചചെയ്യേണം
യോഗ്യ, രയോഗ്യ, രനാരോഗ്യ, രാരോഗ്യമുള്ളോർ
ഭാഗ്യവാന്മാരെയുമെൻ വാക്യം ഗ്രഹിപ്പിയ്ക്കേണം
മംഗളം ഭവിയ്ക്കട്ടെ!! തുംഗമാനസന്മാരെ!
മംഗളം സദാ ഭൂയാൽ മംഗളം, മംഗളം.

നോട്ട്—

സൂതനമായി പരിഞ്ഞതിൽപിന്നെ സിദ്ധാൎത്ഥൻ കിരീടം ധരിച്ചുകൂടാ. ആട്ടിടയൻ കാണുന്നതു് ഭിക്ഷു രൂപത്തിലായിരിക്കണം. ആൽച്ചുവട്ടിൽ (16–ാം രംഗം) മുണ്ഡനംചെയ്ത മഞ്ഞവസ്ത്രധാരിയായിതന്നെ പ്രത്യക്ഷപ്പെടണം.

120

KOTTAYAM PUBLIC LIBRARY
**KOTTAYAM.**

*Cl. No.* MA1 *Acc. No.* 12593

This book should be returned on or before the date last stamped below.

MA1 12593

കൃഷ്ണചരിതം. സാ. ഉമൻ.

ശ്രീഭൂപവൈരാഗ്യം.